**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** **07-10-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പഠനമുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായിട്ടുള്ള സാമൂഹ്യ പഠനമുറി പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക, പഠന നിലവാരം ഉയർത്തുക, അവരുടെ സർഗാത്മകശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നല്കുക, സമ്പൂർണ്ണമായ എൻ റോൾമെന്റും റിട്ടെൻഷനും (Enrolment and Retention) ഉറപ്പാക്കി ഉയർന്ന ഗ്രേഡുകളിൽ ബോർഡ് പരീക്ഷകൾ വിജയിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, പഠനത്തോടൊപ്പം കുട്ടികൾക്ക് കരിയർ നൈപുണ്യ പരിശീലന ങ്ങൾ നല്കുക തുടങ്ങിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വളർച്ചയ്ക്കുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് 'സാമൂഹ്യപഠനമുറി എന്ന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുളത്. സ്കൂൾ സമയം കഴിഞ്ഞ് വരുന്ന പഠിതാക്കൾക്ക് സ്വയം പഠനത്തിനും സംശയ നിവാരണത്തിനും ലൈബ്രറി സൗകര്യങ്ങൾ ഉപയോഗിച്ച് അധിക പഠന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ സാമൂഹ്യപഠനമുറിയിൽ ഒരുക്കി പ്രസ്തുത പദ്ധതി നടപ്പിലാക്കിയും ആയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഇവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ചില സാമൂഹ്യ പഠനമുറികളിൽ അവിടെയുള്ള ഇലക്ട്രോണിക്സ് സാധനങ്ങൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും സാമൂഹ്യപഠനമുറികളിലെ ഫർണിച്ചറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ പ്രാദേശിക തലത്തിൽ നിർവഹിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ സാമൂഹ്യപഠന മുറികളിലും പ്രാദേശികമായി ലഭ്യമാക്കാൻ കഴിയുന്ന ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക സാമൂഹ്യപഠനമുറി നടത്തിപ്പ് ചിലവിൽ നിന്ന് വഹിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |
| (സി) | സാമൂഹ്യപഠന മുറികളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | ചില സാമൂഹ്യ പഠനമുറികളിൽ അവിടെയുള്ള ഇലക്ട്രോണിക്സ് സാധനങ്ങൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുകയും സാമൂഹ്യപഠനമുറികളിലെ ഫർണിച്ചറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ പ്രാദേശിക തലത്തിൽ നിർവഹിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ സാമൂഹ്യപഠന മുറികളിലും പ്രാദേശികമായി ലഭ്യമാക്കാൻ കഴിയുന്ന ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക സാമൂഹ്യപഠനമുറി നടത്തിപ്പ് ചിലവിൽ നിന്ന് വഹിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ